ഭരണഭാഷ – മാതൃഭാഷ

GENERATED THROUGH eOffice

അനെർട്ട്
ANERT
AGENCY FOR NON-CONVENTIONAL ENERGY & RURAL TECHNOLOGY
DEPARTMENT OF POWER, GOVERNMENT OF KERALA
Law College Road, PMG, Thiruvananthapuram 695033 • director@anert.in • www.anert.gov.in
Tel.: (+91-471) 2338077, 2334122, 2333124, 2331803 • Fax: (+91-471) 2329853

ANERT/281/2019/IEC 27/08/2019

## ക്വട്ടേഷൻ നോട്ടീസ്

സംസ്ഥാന സർക്കാരിന്റെ ഓണം വാരാഘോഷത്തിൽ അനെർട്ടിന്റെ ഫ്ലോട്ട് താഴെപ്പറയുന്ന ആശയത്തിനനുസരിച്ച് ഡിസൈൻ ചെയ്ത് നിർമ്മിച്ച് പ്രദർശിപ്പിക്കുന്നതിന് താല്പര്യമുള്ളവരിൽ നിന്ന് ക്വട്ടേഷനുകൾ ക്ഷണിക്കുന്നു.

വിഷയം: **കേരള പുനർ നിർമ്മാണത്തിൽ അക്ഷയ ഊർജ്ജത്തിന്റെ പങ്ക്.**

വിശദീകരണം – പ്രളയവും ഉരുൾപൊട്ടലും വിനാശം വിതച്ച നമ്മുടെ നാട് പുനർ നിർമ്മിക്കപ്പെടുന്ന സാഹചര്യത്തിൽ അക്ഷയഊർജ്ജത്തിന്റെ പ്രസക്തി വ്യക്തമായി ചിത്രീകരിക്കപ്പെടണം. പ്രകൃതിദുരന്തങ്ങൾ ഉയർത്തുന്ന പരിസ്ഥിതി പ്രശ്നങ്ങളും അവയ്ക്ക് പരിഹാരമായി അക്ഷയഊർജ്ജത്തിന്റെ സാധ്യതകളും വ്യക്തമാക്കുന്ന ദൃശ്യങ്ങൾ ഉണ്ടാവണം. **'കേരള പുനഃനിർമ്മാണത്തിന് സൗരയുഗത്തിലേക്ക് ഒരു ചുവട് വയ്പ്പ്'** എന്നതാണ് ആശയം. രണ്ട് വശങ്ങളിലൂടെയും റോഡിലൂടെ സഞ്ചരിക്കുന്ന പൊതുജനങ്ങൾക്ക് കാണുവാൻ സാധിക്കണം. വലുപ്പത്തിലുള്ള ഉറപ്പായ പ്ലാറ്റ്ഫോം ഉള്ള വാഹനത്തിൽ വേണം ഫ്ലോട്ട് സജ്ജീകരിക്കാൻ. വാഹനത്തിന്റെ ചെലവുകളും ഉൾപ്പെടെയാണ് ക്വട്ടേഷൻ സമർപ്പിക്കേണ്ടത്.

ഡിസൈൻ ഒരു കവറിലും റേറ്റ് മറ്റൊരു കവറിലും സീൽ ചെയ്ത് വേണം സമർപ്പിക്കാൻ. ഒരു കവറിനു പുറത്ത് **'DESIGN'**എന്നും, മറ്റേതിന്റെ പുറത്ത് **'PRICE QUOTE'** എന്നും എഴുതിയിരിക്കണം. ഈ രണ്ട് കവറുകളും മൂന്നാമതൊരു കവറിൽ ഉള്ളടക്കം ചെയ്തു വേണം ക്വട്ടേഷനുകൾ സമർപ്പിക്കാൻ.

ക്വട്ടേഷനുകൾ **31.08.2019** വൈകിട്ട് **3** മണിക്ക് മുമ്പ് താഴെപ്പറയുന്ന വിലാസത്തിൽ ലഭിക്കണം.

ഡയറക്ടർ,
അനെർട്ട്,ലോ കോളേജ് റോഡ്
വികാസ്ഭവൻ പി.ഒ., തിരുവനന്തപുരം

തെരഞ്ഞെടുക്കപ്പെടുന്ന ആശയങ്ങളുടേയും മാതൃകകളുടേയും പ്രസന്റേഷൻ 02.09.2019 ന് അനെർട്ട് ഓഫീസിൽ രാവിലെ 11 മണിക്ക് കോൺഫറൻസ് ഹാളിൽ നടത്തേണ്ടതാണ്. ഇതിൽ ക്വാളിഫൈ ചെയ്ത ക്വട്ടേഷനുകളുടെ നിരക്കുകൾ മാത്രമേ **Work Order** നല്കുന്നതിനായി പരിഗണിക്കുകയുള്ളൂ.

ക്വട്ടേഷനുകൾ സ്വീകരിക്കുന്നതിനും നിരസിക്കുന്നതിനുമുള്ള പരിപൂർണ്ണ അധികാരം അനെർട്ട് ഡയറക്ടറിൽ നിക്ഷിപ്തമാണ്. **EMD** ആയി 7500/- രൂപയുടെ ഡയറക്ടർ അനെർട്ടിന്റെ പേരിലുള്ള **DD** ക്വട്ടേഷനൊപ്പം സമർപ്പിക്കേണ്ടതാണ്.

ജനറൽ മാനേജർ

അനെർട്ട്